**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. T 1783

01.11.2019-ൽ മറുപടിക്ക്

## ഹരിപ്പാട് മണ്ഡലത്തിൽ പോളിടെക്നിക്ക്

**ചോദ്യം**
ശ്രീ. അൻവർ സാദത്ത്

**മറുപടി**
**ഡോ. കെ. ടി. ജലീൽ**
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) ഹരിപ്പാട് മണ്ഡലത്തിൽ സ്ഥാപിക്കുവാൻ അനുമതി ലഭിച്ചിരുന്ന പോളിടെക്നിക്കിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഹരിപ്പാട് ടെക്ക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് AICTE നിഷ്കർഷിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ല. എന്നിരുന്നാലും എല്ലാ വർഷവും AICTE അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുകയും രണ്ട് പ്രാവശ്യം AICTE യുടെ വിദഗ്ധ പരിശോധന സ്ഥാപനത്തിൽ നടത്തുകയും ചെയ്തു. NABARD RIDF പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ കെട്ടിട നിർമ്മാണത്തിന് 2019-20 ൽ അപേക്ഷിച്ചെങ്കിലും അനുമതി ലഭിച്ചിട്ടില്ല. AICTE യുടെ റിപ്പോർട്ട് അനുസരിച്ചുള്ള ന്യൂനതകൾ പരിഹരിക്കുന്ന വിധത്തിൽ ഒന്നാം ഘട്ട കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നേടുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) പ്രസ്തുത പോളിടെക്നിക്കിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ അതിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | |

Mary M
സെക്ഷൻ ഓഫീസർ.